## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 841**

**03/12/2014-ൽ മറുപടിക്ക്**

### ജീവൻരക്ഷാ മരുന്നുകളുടെ വില വർദ്ധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.ശർമ്മ**<br>**ശ്രീമതി കെ.കെ.ലതിക**<br>**ശ്രീ.ടി.വി.രാജേഷ്**<br>**ശ്രീ. ബാബു എം. പാലിശ്ശേരി** | **ശ്രീ. വി.എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ജീവൻരക്ഷാ മരുന്നുകൾക്ക് ഭീമമായ വില വർദ്ധനയുണ്ടാകാനിടയായ സാഹചര്യം എന്താണെന്ന അറിയിക്കാമോ; | എ) ജീവൻരക്ഷാ മരുന്നുകളുടെ വില ഭീമമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) വിലവർദ്ധനയ്ക്കിടയാക്കിയ നയം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാമോ; | ബി) പ്രസക്തമല്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| സി)അവശ്യമരുന്നുകൾ സാധാരണക്കാർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കാനായി അവശ്യവസ്തു നിയമ പ്രകാരം നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | സി) നാഷണൽ ലിസ്റ്റ് ഓഫ് എസെൻഷ്യൽ മെഡിസിൻസിൽപ്പെട്ട 348 ഇനം മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് ന്യൂഡൽഹിയിലെ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ആണ്. പ്രസ്തുത മരുന്നുകളുടെ വിലനിയന്ത്രിക്കുന്നത് കാലാകാലങ്ങളിൽ ഇറക്കുന്ന നോട്ടിഫിക്കേഷനുകൾ വഴിയാണ്. മരുന്നുകൾക്ക് നോട്ടിഫിക്കേഷനിൽ പറയുന്ന വിലയിൽ അധികമായി വില ഈടാക്കിയാൽ പ്രസ്തുത മരുന്നുകളുടെ വില്പന തടയാറുണ്ട്. ഉപഭോക്താക്കളിൽ നിന്ന് മരുന്നിന് അമിതവില ഈടാക്കിയാൽ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013 പ്രകാരം നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**